# Athmaraksha.org

പാപ്പയിൽ നിറഞ്ഞുനിൽക്കുന്ന സ്വഭാവഗുണങ്ങൾ

## സഹോദരങ്ങളെ തേടിയാണ് താൻ പോയത് :കസാർത്തയിലെ പെന്തക്കോസ്ത സഭയ്ക്കും സുഹൃത്തായ ബ്രദർ ജോണിനും പാപ്പയുടെ സന്ദേശം



ഇവാഞ്ചലിക്കൽസഭയുടെ അനുരജ്ഞനയോഗത്തോടനുബന്ധിച്ച് ചരിത്രപരമായ സന്ദർശനത്തിൽ നൂറുകണക്കിന് പെന്തക്കോസ്തവിശ്വാസികളെയാണ് ഫ്രാൻസിസ് പാപ്പ അഭിസംബോധന ചെയ്തു സംസാരിച്ചത്. പാപ്പായും അദ്ദേഹത്തിന്റെ സുഹൃത്തായ പെന്തക്കോസ്ത പാസ്റ്റർ ജോണും 'ക്രിസ്തുവാണ് രക്ഷകൻ' എന്നവാ ചകത്തിനു താഴെ ഒന്നുചേർന്നു നിലകൊണ്ടു. അവരുടെ കൂടിച്ചേരലിലും മീറ്റിംഗിലുടനീളവും ഈ വാചകത്തിന്റെ സത്യമായിരുന്നു ഉദ്ഘോഷിച്ചത്. രണ്ടു സഭകളുടെ മേധാവികളായ ഇവർ സ്നേഹം നിറഞ്ഞ ആലിംഗനത്തിലൂടെയാണ് തങ്ങളുടെ സ്നേഹം പ്രകടിപ്പിച്ചത്. ക്രിസ്തുവിൽ വിശ്വാസത്തിന്റെ അനുരജ്ഞനമാണ് ഈ കൂടിച്ചേരലിലൂടെ സംഭവിച്ചത്.

പെന്തക്കോസ്തസഭാപാസ്റ്ററായ ഗിയോവാനി ട്രയാറ്റിനോയുടെ കൂടെയായിരുന്നു ഫ്രാൻസിസ് പാപ്പായുടെ സന്ദർശനം. അർജ്ജന്റീനയിലെ ബ്യൂവനോസ് ഐരേസിൽ പൗരോഹിത്യശുശ്രൂഷയിൽ ആയിരിക്കുമ്പോൾതന്നെ അവർ സുഹൃത്തുക്കളായിരുന്നു. ആത്മീയഉന്നതിക്കുവേണ്ടിയുള്ള പല പ്രവർത്തനങ്ങളിലും അവർ പങ്കാളികളായിരുന്നു.

പ്രൊട്ടസ്റ്റന്റ് സഭാംഗങ്ങൾ ഏറ്റവും ബഹുമാനത്തോടെയും സ്നേഹത്തോടെയു മാണ് ഫ്രാൻസിസ് പാപ്പായ്ക്ക് സ്വാഗതമരുളിയത്. സഭാവിശ്വാസം വെല്ലുവിളികൾ നേരിടുന്ന ഇന്നത്തെ ലോകത്ത് ഫ്രാൻസിസ് പാപ്പായുടെ സന്ദർശനം ഒരു നല്ല അടയാളമായി കാണുന്നു എന്ന് പെന്തക്കോസ്തസഭ പ്രഖ്യാപിച്ചു. വളരെ വ്യക്തമാ യതും വിശ്വാസമുളവാക്കുന്നതുമായ സന്ദേശമാണ് പെന്തക്കോസ്ത സഭയ്ക്ക് ഫ്രാൻസിസ് പാപ്പാ നൽകിയത്. തന്റെ സഹോദരീസഹോദരൻമാരെ കണ്ടെത്തുന്നതി നായാണ് വന്നതെന്നായിരുന്നു പാപ്പായുടെ സന്ദേശം. ആത്മീയമായ സഭാപ്രവർത്തന ങ്ങളിൽ ഒന്നിച്ചുനീങ്ങാനാണ് പാപ്പാ അവരെ ക്ഷണിച്ചത്.